"അവർ (നൂഹിന്റെ ജനത) പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ് , സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്." (നൂഹ്: 23) എന്ന ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- പറഞ്ഞു: "നൂഹ് നബിയുടെ ജനതയിലെ സ്വാലിഹീങ്ങളായ ചിലരുടെ പേരുകളാണ് ഇവ.

ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- നിവേദനം: "അവർ (നൂഹിന്റെ ജനത) പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ് , സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്." (നൂഹ്: 23) എന്ന ആയത്തിന്റെ വിശദീകരണത്തിൽ അദ്ദേഹം പറഞ്ഞു: "നൂഹ് നബിയുടെ ജനതയിലെ സ്വാലിഹീങ്ങളായ ചിലരുടെ പേരുകളാണ് ഇവ. അവർ മരണപ്പെട്ടപ്പോൾ അവർ ഇരിക്കാറുണ്ടായിരുന്ന അവരുടെ സദസ്സുകളിൽ നാട്ടക്കുറികൾ സ്ഥാപിക്കാനും, ആ നാട്ടക്കുറികൾക്ക് അവരുടെ പേരുകളും നൽകാനും പിശാച് അവരുടെ ജനതക്ക് സന്ദേശം നൽകി . അവരത് പ്രവർത്തിച്ചു; (അന്ന്) അവ ആരാധിക്കപ്പെട്ടില്ല. അങ്ങനെ അക്കൂട്ടർ മരണപ്പെടുകയും, (ഈ നാട്ടക്കുറികളെ കുറിച്ചുള്ള) അറിവ് വിസ്മരിക്കപ്പെടുകയും ചെയ്തപ്പോൾ അവ ആരാധിക്കപ്പെട്ടു."

[സ്വഹീഹ്] [ബുഖാരി ഉദ്ധരിച്ചത്]

മഹത്തരമായ ഒരു ആയത്തിന്റെ വിശദീകരണമാണ് ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- അറിയിക്കുന്നത്. നൂഹ് നബി -عَلَيْـــــهِ السَّلَامُ- അല്ലാഹുവിൽ പങ്കുചേർക്കരുതെന്ന് കൽപ്പിച്ചപ്പോൾ അതിനെതിരായി, നിങ്ങൾ ഈ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ ഉറച്ചു നിൽക്കണം എന്ന് അദ്ദേഹത്തിന്റെ ജനത പരസ്പരം ഉപദേശിച്ചതിനെ കുറിച്ചാണ് പ്രസ്തുത ആയത്ത് അറിയിക്കുന്നത്. ആ ആയത്തിൽ പറയപ്പെട്ട വിഗ്രഹങ്ങളുടെ പേരുകൾ യഥാർത്ഥത്തിൽ അവരിലെ സ്വാലിഹീങ്ങളായ ചിലരുടെ പേരുകളായിരുന്നു എന്നും, പിന്നീട് പിശാചിന്റെ വഞ്ചന കാരണത്താൽ ആ ജനത അവരുടെ കാര്യത്തിൽ അതിരുകവിയുകയും, അവരുടെ രൂപങ്ങൾ നിർമ്മിക്കുകയും, ശേഷം ഈ രൂപങ്ങൾ അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളായി തീരുകയുമാണ് ഉണ്ടായത് എന്ന് ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- വിശദീകരിക്കുന്നു.

http://www.sunnah.global/hadeeth/ml/show/3421